# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ -310      17.10.2016 ൽ മറുപടിയ്ക്ക്

## ഗുണ്ടാ, ക്രിമിനൽ സംഘങ്ങൾ നടത്തുന്ന ബോംബാക്രമണങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.പി.കെ.ബഷീർ | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ഗുണ്ടാ, ക്രിമിനൽ സംഘങ്ങൾ നടത്തുന്ന ബോംബാക്രമണങ്ങൾ ജനജീവിതത്തെ സാരമായി ബാധിക്കുന്ന കാര്യം ഗൗരവപൂർവ്വം പരിഗണിക്കുമോ;<br><br>(ബി) ബോംബ് നിർമ്മാണവും അതുമൂലമുണ്ടാകുന്ന അപകടങ്ങളും വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) മനുഷ്യ ജീവനും, സ്വത്തിനും വലിയ തോതിൽ അപകടമുണ്ടാക്കുന്ന തരത്തിൽ ഉള്ള ബോംബാക്രമണ സംഭവങ്ങൾ അടുത്ത കാലത്തൊന്നും കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. സാമൂഹ്യ വിരുദ്ധരും, കുറ്റവാളികളും ഏതെങ്കിലും അവസരത്തിൽ സ്ഫോടക വസ്തുക്കൾ ഉപയോഗിച്ചതായി ശ്രദ്ധയിൽപ്പെട്ടപ്പോഴൊക്കെ അവർക്കെതിരെ സമയോചിതമായി ശക്തമായ നിയമ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ബോംബാക്രമണങ്ങൾ ഉണ്ടായാൽ സമയോചിതമായി കുറ്റമറ്റ രീതിയിൽ നിയമപരമായി കൈകാര്യം ചെയ്യുന്നതിന് കേരളാ പോലീസ് സേനയെ സജ്ജമാക്കിയിട്ടുണ്ട്. |
| (സി) ബോംബ് നിർമ്മാണ മേഖലകളിൽ നിന്നും ഭീതി മൂലം ജനം ഒഴിഞ്ഞു പോകുന്ന സാഹചര്യം മുതലെടുത്ത് അവിടങ്ങളിൽ ബോംബു ശേഖരണം നിർബാധം തുടരുന്ന സ്ഥിതിവിശേഷം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) ഇത്തരം ഒരു സ്ഥിതി വിശേഷം നിലവിലില്ല. ബോംബു നിർമ്മാണവും ശേഖരണവും നിർബാധം തുടരുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടാൽ ശക്തമായി നിയമ നടപടികൾ സ്വീകരിച്ച് ആയത് അവസാനിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതാണ്. ഇത്തരം സ്ഥിതി വിശേഷം ഉണ്ടാകാതിരിക്കാനായി എക്സ്പ്ലോസീവ് റെയിഡുകൾ |

നടത്തി അതീവ ജാഗ്രത പാലിച്ചു വരുന്നുണ്ട്. ലോക്കൽ പോലീസിന്റെയും സ്പെഷ്യൽ ബ്രാഞ്ചിന്റെയും നിരീക്ഷണവും രഹസ്യ വിവരങ്ങൾ ശേഖരിച്ചും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ